കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കണ്ടിജന്റ് വിഭാഗം - സി.എൽ.ആർ ദിവസക്കൂലി 377 രൂപയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1423/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 31/05/2013

പരാമർശം :
1. 24/2/2011 ലെ സ.ഉ.(സാധാ) നമ്പർ 583/11/തസ്വഭവ
2. 28/9/2012 ലെ സ.ഉ.(എം.എസ്) നം. 68/12/പി.ഡബ്ള്യ.ഡി.
3. 4/2/2013, 30/3/2013 എന്നീ തീയതികളിലെ നഗരകാര്യ ഡയറക്ടറുടെ ഇ 2-19515/2012 കത്തുകൾ

<u>ഉത്തരവ്</u>

മുനിസിപ്പൽ കണ്ടിജന്റ് വിഭാഗം സി.എൽ.ആർ തൊഴിലാളികളുടെ ദിവസവേതനം പരാമർശം 1ലെ ഉത്തരവ് പ്രകാരം 240/- രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സി.എൽ.ആർ തൊഴിലാളികളുടെ ദിവസവേതനം 377/- രൂപയായി ഉയർത്തി നിശ്ചയിക്കണമെന്ന് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിൽ കണ്ടിജന്റ് വിഭാഗത്തിൽ സി.എൽ.ആർ വ്യവസ്ഥയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികളുടെ പ്രതിദിന വേതനം 377/- രൂപ (മുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) യായി നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിരക്ക് വർദ്ധനവിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഇതു സംബന്ധിച്ച സാമ്പത്തിക ബാധ്യത അതാത് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.നന്ദകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
നഗരകാര്യ ജോയിന്റ് ഡയറക്ടർ (ഭരണം), തിരുവനന്തപുരം
നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്
എല്ലാ കോർപ്പറേഷനുകളുടെയും നഗരസഭകളുടെയും സെക്രട്ടറിമാർക്ക്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ